## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **22.08.2017 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 3462**

### വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

<table>
<tr><td></td><td>ചോദ്യം</td><td></td><td>മറുപടി</td></tr>
<tr><td></td><td>ശ്രീ.എൻ. എ. നെല്ലിക്കുന്ന്.</td><td></td><td>പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>പ്രകൃതിവാതകകുഴൽ പദ്ധതിക്കായി ഗെയിൽ ഏറ്റെടുത്ത സ്ഥലത്തിന് നഷ്ടം പരിഹാര വിതരണം തുടങ്ങിയോ എന്ന് വ്യക്തമാക്കാമോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">നഷ്ടപരിഹാരത്തുക വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്.പദ്ധതിയുടെ പുരോഗതിയ്ക്കനുസരിച്ചാണ് നഷ്ടപരിഹാരത്തുക നൽകിവരുന്നത്. 2012 മുതൽ നഷ്ടപരിഹാരത്തുക നൽകിത്തുടങ്ങി.
<table>
<tr><th>ക്രമ നം.</th><th>ജില്ല</th><th>ഭൂവുടമകളുടെ എണ്ണം (ഏകദേശം)</th><th>നഷ്ടപരിഹാരത്തുക (വിളകൾക്കും ഭൂമിയുടെ ഉപയോഗാവകാശത്തിന്റെ തുകയും ഉൾപ്പടെ)</th></tr>
<tr><td>1</td><td>എറണാകുളം</td><td>125</td><td>1,82,82,659.00</td></tr>
<tr><td>2</td><td>തൃശ്ശൂർ</td><td>860</td><td>5,68,52,741.00</td></tr>
<tr><td>3</td><td>പാലക്കാട്</td><td>338</td><td>1,62,68,201.00</td></tr>
<tr><td>4</td><td>കോഴിക്കോട്</td><td>50</td><td>1,39,04,801.00</td></tr>
<tr><td>5</td><td>കണ്ണൂർ</td><td>203</td><td>83,62,750.00</td></tr>
<tr><td>6</td><td>കാസർഗോഡ്</td><td>398</td><td>9,27,17,265.00</td></tr>
<tr><td></td><td>ആകെ</td><td>1974</td><td>20,63,88,417.00</td></tr>
</table></td></tr>
<tr><td>(ബി)</td><td>എങ്കിൽ എന്നാണ് വിതരണം തുടങ്ങിയതെന്നും ഇതുവരെ എത്രപേർക്ക് എത്ര തുക നൽകിയെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;</td></tr>
<tr><td>(സി)</td><td>കേരളത്തിൽ വാതകക്കുഴൽ കടന്നുപോകുന്ന സ്ഥലത്തിന് ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി എന്തുതുകയാണ് നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിക്കുവേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. നഷ്ടപരിഹാരം രണ്ട് ഘട്ടങ്ങളിലായാണ് നൽകുന്നത്.<br>1. വിളകളുടെ നഷ്ടപരിഹാരം.<br>2. സ്ഥലത്തിന്റെ നഷ്ടപരിഹാരം.<br>വിളകൾക്ക് competent authority നിശ്ചയിക്കുന്ന</td></tr>
</table>

| | | | |
|---|---|---|---|
| | | | വിലയും, ഭൂമിയുടെ ഉപയോഗാവകാശത്തിനായി സ്ഥലത്തിന് ന്യായവിലയുടെ **50%** നഷ്ടപരിഹാരമായി നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. |
| **(ഡി)** | ഈ തുക കൊടുത്തു തീർക്കുവാൻ അന്തിമ തീയതി നിശ്ചയിച്ചിട്ടുണ്ടോ | **(ഡി)** | പൈപ്പ് ലൈൻ വിന്യസിക്കുന്നതിനനുസരിച്ചാണ് നഷ്ടപരിഹാരത്തുക നൽകുന്നത് എന്നതിനാൽ സമയപരിധി നിശ്ചയിച്ചിട്ടില്ല. എങ്കിലും 2018 മാർച്ച് 31 ന് മുമ്പ് കൊടുത്തുതീർക്കുവാനാണ് ഗെയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. |
| **(ഇ)** | എങ്കിൽ ഈ തീയതിക്കുള്ളിൽ കൊടുത്തുതീർത്തില്ലെങ്കിൽ തുക പാഴാകുന്ന സാഹചര്യമുണ്ടോ എന്ന് വ്യക്തമാക്കുമോ; | **(ഇ)** | നഷ്ടപരിഹാരത്തുക പൂർണ്ണമായും നൽകുന്നത് ഗെയിൽ (ഇന്ത്യ) ലിമിറ്റഡ് ആണ്. തുക പാഴാകുന്ന സാഹചര്യം നിലനിൽക്കുന്നില്ല. |
| **(എഫ്)** | ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി നൽകുന്ന തുകയുടെ വിശദവിവരം വ്യക്തമാക്കാമോ ? | **(എഫ്)** | ചമയങ്ങൾക്ക് ജില്ലാ കൃഷി ഓഫീസർ നിശ്ചയിക്കുന്ന ആയുഷ്കാല വിളവിന്റെ പശ്ചാത്തലത്തിലാണ് വിളകളുടെ നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. നാണ്യങ്ങളുടെ വില കണക്കാക്കുന്നത് Kerala **Economics & Statistics Department** - ന്റെ വാർഷിക വിലനിലവാര കണക്കുകൾ അനുസരിച്ചാണ്. വിളകൾക്ക് താരതമ്യേന ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നുണ്ട്. **RoU** സ്ഥലവിലയുടെ നഷ്ടപരിഹാരം, **1962** ലെ **P & MP Act** അനുസരിച്ച് മാർക്കറ്റ് വിലയുടെ **10%** ആണ് നൽകേണ്ടത്. എന്നാൽ ഇത് താരതമ്യേന തുച്ഛമായതിനാൽ ന്യായവിലയുടെ **50%** നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ.**